ഭരണഭാഷ മാതൃഭാഷ

NO TO DRUGS

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി,തിരുവനന്തപുരം
ഇ-മെയിൽ- jdacad@gmail.com
ഫോൺ: 0471-2580738

നമ്പർ: HSE/5417/2025-ACD SPL4 തീയതി:15-04-2025

## സർക്കുലർ

വിഷയം : പൊ.വി.വ.ഹ.സെ.വി-പൊതു പ്രവേശന പരിക്ഷകളിൽ പങ്കെടുക്കുന്ന ഹയർ സെക്കന്ററി വിഭാഗം സ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം സംബന്ധിച്ച്

സൂചന :

1.പൊതുവിദ്യാഭ്യാസ ഡയറക്റേറ്റിൽ നിന്നും പുറപ്പെടുവിച്ച 02.04.2024 ലെ HSE/6377/2024-ACD SPL 4 നമ്പർ സർക്കുലർ.

2.സ.ഉ(സാധാ)നം 2182/2025/GEDN തീയതി 22.03.2025.

3.കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22.03.2025 തീയതിയിലെ കൈറ്റ് /2025/2355(4) നമ്പർ കത്ത്.

പൊതുവിദ്യാലയങ്ങളിൽ ഹയർസെക്കണ്ടറി വൊക്കേഷണൽ ഹയർസെക്കണ്ടറി തലത്തിൽ പഠിക്കുന്ന താത്പര്യമുള്ള എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും സാമ്പത്തിക പിന്നോക്കം, നഗര-ഗ്രാമ വ്യത്യാസം തുടങ്ങിയവയില്ലാതെ പൊതുപ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം നൽകാൻ തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ "Key to Entrance" എന്ന പരിശീലന പരിപാടി ആരംഭിക്കുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട സർക്കുലർ സൂചന 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്), കൈറ്റ് വിക്ടേഴ്സസ് ചാനലിന്റെയും മറ്റ് സാങ്കേതിക സൗകര്യങ്ങളുടേയും

സഹായത്തോടെയാണ് സർക്കാർ -എയ്ഡഡ് മേഖലകളിലെ എല്ലാ കുട്ടികൾക്കും ഈ സൗജന്യ പരിശീലനം നൽകിവരുന്നത്. എന്നാൽ **Key to Entrance"** പരിശീലനത്തിൽ ഇനിയും അർഹരായ കുട്ടികൾ മുഴുവൻ രജിസ്റ്റർ ചെയ്തു കാണുന്നില്ല. മാത്രമല്ല പരിശിലനത്തിൻ്റെ ഭാഗമായി ഒരുക്കിയ വെബ്പോർട്ടലിലെ **Examination** സൗകര്യങ്ങൾ പല കുട്ടികളും പ്രയോജനപ്പെടുത്തി കാണുന്നില്ല. സൂചന **2** പ്രകാരം സർക്കാർ 'സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി' നടപ്പാക്കാനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ **"Key to Entrance"** പ്രോഗ്രാമിന് മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ആയതിനാൽ ബാക്കിയുള്ള കുട്ടികളെകൂടി ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നതിനായി സഹായിക്കുന്നതിനും പുതിയ കുട്ടികൾക്ക് താത്പര്യമുണ്ടെങ്കിൽ രജിസ്റ്റർ ചെയ്യാൻ സഹായിക്കുന്നതിനും സ്കൂൾ അധികൃതർ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**1.**പരിശീലനത്തിന്റെ ഭാഗമായി കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ **2024** സെപ്റ്റംബർ **30** മുതൽ സംപ്രേക്ഷണം ചെയ്ത എല്ലാ ക്ലാസ്സുകളും കുട്ടികൾ പരിശീലനത്തിനായി രജിസ്ട്രേഷൻ നടത്തിയ **entrance.kite.kerala.gov.in** എന്ന പോർട്ടലിലൂടെ തുടർന്നും പുതുതായി രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്കുൾപ്പെടെ ലഭിക്കുന്നതാണ്.

**2.** മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി,ഹിസ്റ്ററി, ജ്യോഗ്രഫി, എക്കണോമിക്സ്, അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, സ്റ്റാറ്റിസ്റ്റിക്സ്, ജേർണലിസം, ഇംഗ്ലീഷ്, റീസണിംഗ് എന്നീ വിഷയങ്ങളുടെ ക്ലാസുകളാണ് വെബ്പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**3.** രജിസ്റ്റർ ചെയ്ത എല്ലാ കട്ടികളും ഈ ക്ലാസ്സുകൾ കാണുന്നുണ്ടോ എന്ന് പരിശോധിക്കുകയും താത്പര്യമുള്ളവർക്കെല്ലാം അതിനുള്ള സൗകര്യം ഒരുക്കി നൽകേണ്ടതുമാണ്. ഇതിനായി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള സ്കൂൾതല ലോഗിൻ സൗകര്യം ഉപയോഗിക്കാവുന്നതാണ്.

**4.** ഇതേ പോർട്ടൽ വഴി ഏപ്രിൽ രണ്ടാം വാരം മുതൽ മോഡൽ ടെസ്റ്റുകൾ നടത്തുന്നതാണ്. അതിന്റെ വിശദാംശങ്ങൾ കൈറ്റ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**5.** എല്ലാ ആർ.ഡി.ഡി-മാരും എ.ഡി.മാരും സ്കൂൾ പ്രിൻസിപ്പൽമാരും അവരവരുടെ മേഖലകളിലും സ്കൂളുകളിലും എല്ലാ കട്ടികളേയും ഇതുസംബന്ധിച്ച വിവരം അറിയിക്കേണ്ടതും അർഹിക്കുന്ന മുഴുവൻ കുട്ടികളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നുറപ്പാക്കേണ്ടതുമാണ്. രജിസ്റ്റർ ചെയ്ത കുട്ടികൾക്ക് ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ പ്രത്യേകം നൽകേണ്ടതാണ്.

**6.** ഏതെങ്കിലും കുട്ടിക്കോ/കുട്ടികൾക്കോ ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് സ്കൂളിലെ സാങ്കേതിക സൗകര്യങ്ങൾ ആവശ്യമെങ്കിൽ ലഭ്യമാക്കുന്നതിന് സ്കൂൾ അധികൃതർ ക്രമീകരണം ഒരുക്കേണ്ടതാണ്.

**7. PTA/ MPTA/CPTA** തുടങ്ങി **PTA** യുടെ എല്ലാ തലങ്ങളിലും ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്കൂൾ പ്രിൻസിപ്പൽ / ക്ലാസ്സ് അധ്യാപകർ വഴി അറിയിക്കേണ്ടതും, എല്ലാ കുട്ടികളുടെയും രക്ഷിതാക്കൾക്ക് വിവരം ലഭിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**8. "Key to entrance"** പരിപാടിയുടെ ഭാഗമായ എല്ലാ പ്രവർത്തനങ്ങളുടെയും ഫലപ്രദമായ നടത്തിപ്പിനായി പ്രിൻസിപ്പലിൻ്റെ നേതൃത്വത്തിൽ **HITC, NSS** പ്രോഗ്രാം ഓഫീസർമാർ, കരിയർ ഗൈഡ്,സൗഹൃദ കോ-ഓർഡിനേറ്റർ തുടങ്ങിയവരുൾപ്പെടുന്ന ഒരു ടീമിനെ ചുമതലപ്പെടുത്തേണ്ടതാണ്. പരമാവധി കട്ടികളെ പരിപാടിയിൽ പങ്കെടുപ്പിക്കാനും ആവശ്യമായ പിന്തുണ നൽകാനുമുള്ള നടപടികൾ ഈ ടീമിന്റെ നേതൃത്വത്തിൽ തന്നെ സ്കൂളിൽ നടപ്പിലാക്കേണ്ടതാണ്.

Signed by
Shanavas S
Date: 15-04-2025 14:52:59
**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

**<u>പകർപ്പ്:-</u>**

1)ചീഫ് എക്സിക്യൂട്ടീവ്  ഓഫീസർ, കൈറ്റ്

2)എല്ലാ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രഥമാധ്യപകർക്കും.

3)എല്ലാ ആർ.ഡി.ഡി (എച്ച്.എസ്.ഇ), എ.ഡി (വി.എച്ച്.എസ്.ഇ) മാർക്കും കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും.